## മാർഗനിർദേശങ്ങൾ സംബന്ധിച്ച് ഉത്തരവിറങ്ങി

# നീര: 5000 തെങ്ങുകൾ ചെത്തുന്നതിന് ലൈസൻസ് നൽകും

തിരുവനന്തപുരം: നിര ഉൽപ്പാദനം ത്വരിതപ്പെടുത്തുന്നതിനുള്ള മാർഗനിർദേശങ്ങൾ ഉൾപ്പെടുത്തി കൃഷിവകുപ്പ് ഉത്തരവിറക്കി. ഫെഡറേഷനുകൾ ഉൾപ്പെടെ അപേക്ഷിക്കുന്ന എല്ലാ ഏജൻസികൾക്കും നിര ഉൽപ്പാദനത്തിന് ലൈസൻസ് നൽകുമെന്ന് ഉത്തരവിൽ വ്യക്തമാക്കുന്നു. ലൈസൻസ് നൽകേണ്ട ചുമതല ജില്ലാതലത്തിലുള്ള ഡെപ്യൂട്ടി എക്സൈസ് കമ്മിഷണർമാർക്കാണ്. നേരത്തെ മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന കൃഷി-എക്സൈസ് വകുപ്പ് ഉദ്യോഗസ്ഥരുടെ യോഗത്തിൽ എടുത്ത തീരുമാനങ്ങളുടെ അടിസ്ഥാനത്തിലാണ് ഉത്തരവിറക്കിയത്. കള്ളുചെത്ത് വ്യവസായം പുനരുജ്ജീവിപ്പിക്കുന്നതിന് നികുതി വകുപ്പ് സെക്രട്ടറി ചെയർമാനായും എക്സൈസ് കമ്മിഷണർ അംഗമായും ടോഡി ബോർഡ് രൂപീകരിക്കുമെന്നും ഓഹരിമൂലധനമായി ഒരു കോടി രൂപ ബിവറേജസ് കോർപറേഷനിൽ നിന്ന് നൽകുമെന്നും ഉത്തരവിൽ വ്യക്തമാക്കുന്നു.

നാളികേര വികസന ബോർഡിൽ റജിസ്റ്റർ ചെയ്തിട്ടുള്ള 362 നാളികേര ഉൽപ്പാദക സൊസൈറ്റികളിലും ഫെഡറേഷനുകളിലും 173 എണ്ണത്തിന് മാത്രമാണ് ഇതുവരെ ലൈസൻസ് നൽകിയിട്ടുള്ളത്. ബാക്കിയുള്ളവർക്കും എത്രയും വേഗം ലൈസൻസ് നൽകും. പരമ്പരാഗത കള്ളുചെത്ത് തൊഴിലാളികൾക്ക് നീര ലൈസൻസ് നൽകുന്നതിന് മുൻഗണന നൽകും. 1500 തെങ്ങുകൾ ചെത്തുന്നതിനുള്ള ലൈസൻസാണ് നിലവിൽ നൽകിയിരിക്കുന്നത്. ഇത് 5000 ആയി വർധിപ്പിക്കും. കൃഷിവകുപ്പിന് കീഴിലുള്ള നാളികേര വികസന കോർപറേഷൻ, കാർഷിക സർവകലാശാല, കെയ്കോ, കേരഫെഡ് എന്നിവർക്ക് ചെത്താനുള്ള തെങ്ങുകളുടെ എണ്ണം പരിമിതിപ്പെടുത്തേണ്ടതില്ലെന്നും നിർദേശിക്കുന്നു.

നിര ടെക്നീഷ്യന്മാർക്ക് പരിശീലനത്തിനായി ഒരാൾക്ക് 10,000 രൂപവിതം സബ്സിഡി അനുവദിക്കും. പരിശീലനത്തിനായി 12 കോടി രൂപ ബജറ്റിൽ വകയിരുത്തുന്നതിന് നടപടിയെടുക്കും. നിര ഉൽപ്പാദനത്തിനായി കെട്ടിട, യന്ത്രസാമഗ്രികൾക്ക് സഹായധനമായി ചെലവിന്റെ 25 ശതമാനമോ 50 ലക്ഷമോ, ഏതാണോ കൂടുതൽ അത് നൽകുന്നതിന് 10 കോടി രൂപ വകയിരുത്തി. 1902 ഓഗസ്റ്റ് അഞ്ചിനാണ് സംസ്ഥാനത്ത് അബ്കാരിചട്ടം നിലവിൽ വന്നത്. ഇതിൽ 2014 ഫെബ്രുവരി 14ന് നീര റൂൾസ് കൂടി ഉൾപ്പെടുത്തി ഭേദഗതി വരുത്തിയാണ് സംസ്ഥാനത്ത് നീര ഉൽപ്പാദനത്തിന് അനുമതി നൽകിയത്.